"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീമതി. അനില ജെയിൻ കെ.ജെ, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, സാമൂഹികാരോഗ്യ കേന്ദ്രം, അണ്ടൂർക്കോണം, തിരുവനന്തപുരം - മകളുടെ വിവാഹ ആവശ്യത്തിനായി 3,00,000/- (മൂന്നു ലക്ഷം രൂപ) വായ്പ അനുവദിച്ച് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1809/2026/H&FWD    തീയതി, തിരുവനന്തപുരം, 26-05-2026

---

പരാമർശം:-
1. സ.ഉ.(പി) നം.82/2023/ധന തീയതി 01.08.2023.
2. ശ്രീമതി. അനില ജെയിൻ കെ.ജെ സമർപ്പിച്ച 13.04.2026 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.05.2026 തീയതിയിലെ ഡി.എച്ച്.എസ്/10006/2026-എബി6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീമതി.അനില ജെയിൻ കെ.ജെ-യുടെ മകളുടെ വിവാഹ ആവശ്യത്തിലേയ്ക്കായി 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) മാര്യേജ് അഡ്വാൻസായി അനുവദിക്കുന്നതിനുള്ള പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീമതി. അനില ജെയിൻ കെ.ജെ-യുടെ മകളുടെ വിവാഹ ആവശ്യത്തിലേയ്ക്കായി പരാമർശം (1) ഉത്തരവ് പ്രകാരം 6% പലിശ നിരക്കിൽ 3,00,000/- (മൂന്നു ലക്ഷം രൂപ മാത്രം) രൂപയുടെ വായ്പ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

i. ഇതുമായി ബന്ധപ്പെട്ട ചെലവ് '7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ - 800- മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

ii. തുക കൈമാറുന്നതിന് മുൻപായി അപേക്ഷകയിൽ നിന്നും 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

iii. പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iv. മുതലിനത്തിൽ തിരിച്ചുപിടിക്കുന്ന തുക '7610-സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ-രസീത്" എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക '0049-04-118-96 - other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

v. ജീവനക്കാരി സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

vi. വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകയ്ക്ക് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2027-നോ അതിനുമുമ്പോ സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vii. പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുമ്പായി ലോൺ രജിസ്റ്ററിലും അപേക്ഷകയുടെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി 2026-27 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

viii. വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരിയുടെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

ix. പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് IV /പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹ ധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. അനില ജെയിൻ കെ.ജെ, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, സാമൂഹികാരോഗ്യ കേന്ദ്രം, അണ്ടൂർക്കോണം, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം.

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, അണ്ടൂർക്കോണം, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കഴക്കൂട്ടം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ലോൺസ്) വകുപ്പ് (25.05.2026 തീയതിയിലെ Loans-L2/133/2024-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ഓഫീസ് കോപ്പി-(F2/119/2026-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 26-05-2026 15:35:11

സെക്ഷൻ ഓഫീസർ